**<u>കേരള ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടറുടെ നടപടി ക്രമ ഉത്തരവ്</u>**
**ഹാജർ: പി പ്രമോദ്**

വിഷയം:- ഫാക്ടറീസ് & ബോയ്‌ലേഴ്സ് വകുപ്പ് - Smt. CINI C. THOMAS,KOCHUKALEECKAL (H), RUBBER BOARD P.O, KOTTAYAM എന്ന വ്യക്തിക്ക് വകുപ്പ് അനുവദിച്ചു നൽകിയിരുന്ന - ഡ്രാഫ്റ്റ്സ്മാൻ 'എ' - കോംപീറ്റൻസി സർട്ടിഫിക്കറ്റ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

**<u>ഉത്തരവ് നമ്പർ: DFB/335/2024-T2 തീയതി :07-02-2025</u>**

**പരാമർശം:**

1.Regn.No.CP/0052/2022 dated 21-06-2024 ( Smt. CINI C. THOMAS നിലവിൽ അനുവദിച്ചിട്ടുള്ള ഡ്രാഫ്റ്റ്സ്മാൻ -എ സർട്ടിഫിക്കറ്റ്.

2.FIS മുഖാന്തിരം 26-01-2024 തീയതി, ലഭിച്ച RKB FOOD PRODUCTS PRIVATE LIMITED, Kalathukkadavu P.O Vettiparambu Erattupetta, Kottayam, എന്ന സ്ഥാപനത്തിന്റെ പെർമിറ്റ് റിവിഷൻ അപേക്ഷ

3. ഈ കാര്യാലയത്തിൽ നിന്നുള്ള കത്ത് നമ്പർ DFB /335/2024-T2 തീയ്യതി 13-09-2024.

4. 01-10-2024 തീയ്യതിയിലെ Smt. CINI C. THOMAS നൽകിയ മറുപടി കത്ത്

5. ഈ കാര്യാലയത്തിൽ നിന്നുള്ള കത്ത് നമ്പർ DFB /335/2024-T2 തീയ്യതി 16-10-2024.

6. 20-10-2024 തീയ്യതിയിലെ Smt. CINI C. THOMAS നൽകിയ അപേക്ഷ കത്ത്.

7.ഈ കാര്യാലയത്തിൽ നിന്നുള്ള കത്ത് നമ്പർ DFB /335/2024-T2 തീയ്യതി 30-10-2024.

8. ഈ കാര്യാലയത്തിൽ നിന്നുള്ള കത്ത് നമ്പർ DFB/680/2023-T2തീയ്യതി 11-12-2023.

9. ടി കാര്യാലയത്തിൽ വച്ച് 13/11/2024 തീയതി നടത്തിയ ഹിയറിംഗിന്റെ മിനുട്സ്.

**<u>ഉത്തരവ്</u>**

മേൽ പരാമർശം (1) പ്രകാരം Smt.CINI C. THOMAS,KOCHUKALEECKAL (H), RUBBER BOARD P.O, KOTTAYAM എന്ന വ്യക്തിക്ക് ഫാക്ടറി നിയമം, 1948 ലെ സെക്ഷൻ 6, 112 & കേരള ഫാക്ടറീസ് റൂൾസ് 1957, റൂൾ 3(2)(b)(iii) പ്രകാരം ഫാക്ടറി ബിൽഡിംഗ് പ്ലാനുകളും മറ്റ് സ്ട്രെച്ചറൽ ഡ്രോയിംഗുകളും തയ്യാറാക്കുന്നതിനുള്ള ഡ്രാഫ്റ്റ്സ്മാൻ എ എന്ന യോഗ്യതാ സർട്ടിഫിക്കറ്റ് മേൽ പരാമർശം (1 ) പ്രകാരം അനുവദിച്ചു നൽകിയിരുന്നു. നിലവിലെ സർട്ടിഫിക്കറ്റിന് 21-06-2024 മുതൽ 20-06-2025 വരെ കാലാവധിയുണ്ട് .

മേൽ പരാമർശം (2) പ്രകാരം M/s RKB FOOD PRODUCTS PRIVATE LIMITED, Kalathukkadavu P.O Vettiparambu Erattupetta, Kottayam എന്ന സ്ഥാപനത്തിന്റെ പെർമിറ്റ് റിവിഷൻ അപേക്ഷ 26/01/2024 തീയതി ലഭിച്ചിരുന്നു. ഡിപ്പാർട്ട്മെന്റ് അംഗീകൃത ഡ്രാഫ്റ്റ്സ്മാൻ ആയ Smt. CINI C. THOMAS ആണ് ഈ സ്ഥാപനത്തിന്റെ പ്ലാനുകൾ തയ്യാറാക്കിയിരുന്നത്. അപേക്ഷയുടെ പരിശോധനയിൽ കേരള ഫാക്ടറീസ് റൂൾസ് 1957 നിഷ്കർഷിക്കുന്ന മതിയായ സെറ്റ് ബാക് സ്ഥാപനത്തിന് ഇല്ലാത്തതായി കണ്ടെത്തിയിരുന്നു. തുടർന്ന് സെറ്റ് ബാക് സംബന്ധിക്കുന്ന വ്യക്തത വരുത്തുന്നതിനും, ഇളവനുവദിക്കാൻ സാധിക്കുന്നതാണോ എന്ന് പരിശോധിക്കുന്നതിനുമായി, ഫാക്ടറി മാനേജിങ് ഡയറക്ടറുടെ സാനിധ്യത്തിൽ വകുപ്പ് ചീഫ് ഇൻസ്പെക്ടർ 05-09-2024 തീയതി നേരിട്ടു നടത്തിയ പരിശോധനയിൽ ഫാക്ടറി സമുച്ചയത്തിന് പിൻ ഭാഗത്തും ചുറ്റിനുമുള്ള ഭാഗങ്ങളിലും 1 മീറ്ററിൽ താഴെ മാത്രമേ സെറ്റ് ബാക് ഉള്ളു എന്ന് കണ്ടെത്തിയിരുന്നു. എന്നാൽ, പെർമിറ്റ് റിവിഷൻ അപേക്ഷയോടൊപ്പം Smt. CINI C. THOMAS തയ്യാറാക്കിയ പ്ലാനുകളിൽ ഈ അളവുകളിൽ കൃത്രിമത്വം കാണിച്ചതായി കണ്ടെത്തുകയുണ്ടായി . പ്ലാനുകളിലുള്ള ഈ വ്യത്യാസം വകുപ്പ് അംഗീകൃത ഡ്രാഫ്റ്റ്സ്മാനായ Smt. CINI C. THOMAS ന്റെ ഭാഗത്തു നിന്നുമുണ്ടായ ഗുരുതര വീഴ്ചയാണ്. തുടർന്ന് ഡ്രാഫ്റ്റ്സ്മാൻറെ ഭാഗത്തു നിന്നുള്ള ഈ വീഴ്ചയുടെ കാരണം വ്യക്തമാകുവാനുള്ള നിർദേശം മേൽ സൂചന 3 പ്രകാരം നൽകുകയും , ആയതിന് മറുപടി മേൽ സൂചന 4 പ്രാകരം ഡ്രാഫ്റ്റ്സ്മാൻ നൽകുകയും ചെയ്തിരുന്നു . മറുപടി

കത്തിൽ വിഷയം സംബന്ധിച്ച് തന്റെ ഭാഗം കേൾക്കണമെന്ന അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ മേൽ സൂചന 5 പ്രകാരം ടി വ്യക്തിയോട് നേരിൽ ഹാജരാകുവാനുള്ള നിർദേശം നൽകുകയും എന്നാൽ , മേൽ സൂചന 6 പ്രകാരം പ്രസ്തുത തീയ്യതി തനിക്ക് ഹാജരാകുവാൻ ബുദ്ധിമുട്ടുള്ളതായി Smt. CINI C. THOMAS അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചന 7 പ്രകാരം 13-11-2024 തീയതി വകുപ്പ് ഡയറക്ടറേറ്റിൽ ഹാജരാകുവാനുള്ള നിർദേശം നൽകുകയും ആയതു പ്രകാരം Smt. CINI C. THOMAS ഹാജരാകുകയും ചെയ്തിരുന്നു . 13-11-2024 തീയതി വകുപ്പ് ഡയറക്ടറുടെ ചേംബറിൽ ടി വ്യക്തിയുമായി നടത്തിയ തെളിവെടുപ്പിൽ , ഫാക്ടറി സമുച്ചയത്തിന്റെ അളവുകൾ രേഖപ്പെടുത്തുന്നതിൽ തനിക്ക് തെറ്റ് സംഭവിച്ചതായി Smt. CINI C. THOMAS സമ്മതിക്കുകയും ആയതു ബോധ്യപ്പെടുകയും ചെയ്തിരുന്നു.

മേൽ പരാമർശിച്ച വിഷയത്തിന് സമാനമായി ഇതേ ഡ്രാഫ്റ്റ്സ്മാൻ തയാറാക്കിയ M/s POPULAR MOTOR WORLD (P) LTD, Popular Hyundai, al in, Thangumkavu P. Kumbazha പത്തനംതിട്ട എന്ന സ്ഥാപനത്തിന്റെ പ്ലാനുകൾ ഉൾപ്പെടുന്ന പെർമിറ്റ് അപേക്ഷയിലും, പ്ലാനുകൾ തയ്യാറാക്കുന്നതിൽ ടി ഡ്രാഫ്റ്റ്സ്മാന്റെ ഭാഗത്തു നിന്നും ഗുരുതര വീഴ്ച കണ്ടെത്തുകയും , ആയതിന്റെ അടിസ്ഥാനത്തിൽ മേൽ സൂചന 8 പ്രകാരം ടി ഡ്രാഫ്ട്സ്മാന്, ഫാക്ടറി സംബന്ധമായ പ്ലാനുകൾ തയാറാക്കുമ്പോൾ ഫാക്ടറീസ് ആക്ട് 1948, കേരള ഫാക്ടറീസ് റൂൾസ് 1957 എന്നീ നിയമങ്ങൾ കൃത്യമായി പാലിച്ചു കൊണ്ട് മാത്രമേ തയാറാക്കി സമർപ്പിക്കാവു എന്ന നിർദേശം നൽകികൊണ്ട് കർശന താക്കീത് നൽകുകയും, ഭാവിയിൽ ഇത്തരം വീഴ്ചകളുണ്ടായാൽ ഇനി ഒരറിയിപ്പു കൂടാതെ അനുവദിച്ചു നൽകിയിട്ടുള്ള ഡ്രാഫ്റ്റ്സ്മാൻ കോംപീറ്റൻസി സർട്ടിഫിക്കറ്റ് റദ്ദു ചെയ്യുന്നതാണെന്ന് താക്കീത് നൽകിയിട്ടുള്ളതുമാണ്. എന്നാൽ ഈ താക്കീത് കണക്കിലെടുക്കാതെയാണ് ടി ഡ്രാഫ്ട്സ്മാൻ തുടർന്നും പ്ലാനുകളിൽ കൃത്രിമത്വം കാണിക്കുന്നതെന്ന് മനസിലാക്കുന്നു. ഇതിനുപുറമെ അംഗീകൃത ഡ്രാഫ്റ്റ്സ്മാൻ നിയമാനുസരണം മാത്രമേ പ്ലാനുകൾ തയ്യാറാക്കുവാൻ പാടുള്ളൂ എന്നും കൂടാതെ ഡ്രാറ്റ്സ്മാൻ സർട്ടിഫിക്കറ്റിലെ ഉപാധി (iii) പ്രകാരം പ്ലാനുകൾ യാതൊരു കാരണവശാലും കെട്ടിച്ചമച്ചതോ കൃത്രിമമായോ തയ്യാറാക്കാൻ പാടുള്ളതല്ല എന്നുമുള്ള നിർദേശം വകുപ്പ് നൽകിയിട്ടുള്ളതുമാണ്.

മേൽ വിശദീകരിച്ച പ്രകാരം ഡ്രാഫ്റ്റ്സ്മാൻ കേരള ഫാക്ടറി ചട്ടം 1948 ലെ ചട്ടം 2A ഉപചട്ടം 4(1) (b) പ്രകാരം 1948 ലെ ഫാക്ടറി നിയമത്തിനും 1957 ലെ ഫാക്ടറി ചട്ടത്തിനും വിരുദ്ധമായി ഫാക്ടറി പരിശോധനയിൽ കൃത്രിമത്വം കാണിച്ച് പ്ലാനുകൾ തയ്യാറാക്കി നൽകിയത് നിയമവിരുദ്ധവും കൂടാതെ പരാമർശം (1) പ്രകാരം ടി ഡ്രാഫ്റ്റ്സ്മാൻ അനുവദിച്ചു നൽകിയിട്ടുള്ള ഡ്രാഫ്റ്റ്സ്മാൻ A സർട്ടിഫിക്കറ്റിലെ മൂന്നാം ഉപാധിയുടെ വ്യക്തമായ ലംഘനവുമാണ്. കൂടാതെ ടിയാളുടെ പ്രവർത്തി IPC യിലെ സെക്ഷൻ 463,464 പ്രകാരം Forgering of documents/electronic records കൂടിയാണ് . ഈ സാഹചര്യത്തിൽ 1957 ലെ കേരള ഫാക്ടറീസ് ചട്ടം 2A ഉപചട്ടം 4 പ്രകാരം എനിക്ക് നൽകിയിട്ടുള്ള അധികാരം വിനിയോഗിച്ച് Smt. CINI C. THOMAS,KOCHUKALEECKAL (H), RUBBER BOARD P.O, KOTTAYAM എന്ന വ്യക്തിക്ക് വകുപ്പ് അനുവദിച്ചു നൽകിയിരുന്ന Regn.No.CP/0052/2022 dated 21-06-2024 ആയ ഡ്രാഫ്റ്റ്സ്മാൻ എ കോംപീറ്റൻസി സർട്ടിഫിക്കറ്റ് ഇതിനാൽ റദ്ദ് ചെയ്ത് ഉത്തരവാകുന്നു. ഫാക്ടറി പെർമിറ്റ് സംബന്ധമായ പ്ലാനുകളോ രേഖകളോ തയ്യാറാക്കുന്നതിനോ പരിശോധിക്കുന്നതിനോ ഉള്ള ഡ്രാഫ്റ്റ്സ്മാൻ എന്ന അധികാരം ശ്രീമതി CINI C. THOMAS എന്ന വ്യക്തിക്കു ഇനി ഉണ്ടായിരിക്കുന്നതല്ല എന്ന് ഉത്തരവാകുന്നു.

**Signed by P Pramod**
**Date: 07-02-2025 07:14:22**

ഫാക്ടറികളുടെയും ബോയിലറുകളുടെയും ഡയറക്ടർ

സ്വീകർത്താവ്: Smt. CINI C. THOMAS,KOCHUKALEECKAL (H), RUBBER BOARD P.O, KOTTAYAM.

പകർപ്പ്: 1.ഫാക്ടറീസ് ആൻഡ് ബോയ്‌ലേഴ്‌സ് വകുപ്പിലെ എല്ലാ ഇൻസ്പെക്ടർ, ജോയിന്റ് ഡയറക്ടർ -മാരുടെയും അറിവിലേക്കായി
2.CA to Director, C2 സെക്ഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)